## ദൈവത്തിന്റെ രക്ഷ
## രക്ഷകനായ യഹോവ—യേശു

**I. "അവൾ ഒരു പുത്രനെ പ്രസവിക്കും; നീയോ അവനു യേശു എന്നു പേർ വിളിക്കേണം; എന്തെന്നാൽ അവൻ തന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും"—മത്താ. 1:21**

### യേശു എന്ന നാമത്തിന്റെ അർഥം

- യേശു എന്നത്, "രക്ഷകനായ യഹോവ" അഥവാ "യഹോവയുടെ രക്ഷ" എന്ന് അർഥമുള്ള എബ്രായ പേരായ യോശുവ എന്നതിന് തുല്യമായ യവനപദമാണ്; യേശു എന്നത് നമ്മുടെ രക്ഷകനും രക്ഷയും ആയിത്തീരുന്ന യഹോവയാണ്
- യേശു എന്ന നാമത്തിൽ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്ന് അർഥമുള്ള യഹോവ എന്ന നാമം ഉൾപ്പെടുന്നു
  - വിശ്വാസികളായ നമുക്ക് തുക എഴുതിയിട്ടില്ലാത്ത ഒപ്പിട്ടിരിക്കുന്ന ഒരു ചെക്ക് ഉണ്ട്; നമുക്ക് ആവശ്യമുള്ളത് നമുക്ക് പൂരിപ്പിക്കുവാൻ കഴിയും; നമുക്ക് ആവശ്യമുള്ളതെല്ലാം യേശുവിന്റെ നാമത്തിൽ നാം കണ്ടെത്തുന്നു.
- യേശു, നമുക്ക് നല്ല ദേശം എന്ന നിലയിൽ അവൻ തന്നെയാകുന്ന, വിശ്രമത്തിലേക്ക് നമ്മെ കൊണ്ടുവരുന്നവനായ നമ്മുടെ യോശുവയാണ്
- കർത്താവിന്റെ നാമം, അവൻ എന്ന വ്യക്തി, സർവവും ഉൾക്കൊള്ളുന്ന സംയുക്ത ആത്മാവ് ആണ്

### യേശുവിന്റെ നാമം ആയിരിക്കുന്നത്

- യേശുവിന്റെ നാമം എല്ലാ നാമത്തിനും മേലാണ്. യേശുവിന്റെ നാമം നാം അവനിലേക്ക് വിശ്വസിക്കുവാനും, അവനിലേക്ക് സ്നാനപ്പെടുവാനും, നമുക്ക് രക്ഷിക്കപ്പെടുവാനും, സൗഖ്യം പ്രാപിക്കുവാനും, കഴുകപ്പെടുവാനും, വിശുദ്ധീകരിക്കപ്പെടുവാനും, നീതീകരിക്കപ്പെടുവാനും, വിളിച്ചപേക്ഷിച്ചുകൊണ്ട് ശ്വസിക്കുവാനും വേണ്ടിയാണ്.

### കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിന്റെ ഉദ്ദേശ്യം

- രക്ഷിക്കപ്പെടുവാൻ, ദുരിതം, കഷ്ടത, ദുഃഖം, വേദന എന്നിവയിൽനിന്ന് രക്ഷപ്രാപിക്കുവാവാൻ, കർത്താവിന്റെ വാത്സല്യത്തിൽ, അവന്റെ കരുണയിൽ പങ്കുകൊള്ളുവാൻ, കർത്താവിന്റെ രക്ഷയിൽ പങ്കുകൊള്ളുവാൻ, ആത്മാവിനെ കൈക്കൊള്ളുവാൻ, സംതൃപ്തിക്കായി, സമ്പത്ത് ആസ്വദിക്കാൻ, നമ്മെത്തന്നെ ഉത്തേജിപ്പിക്കുവാൻ, അതിൽ പ്രാർഥിക്കുവാൻ, അവനിലേക്ക് കൂട്ടി ചേർക്കപ്പെടുവാൻ, ഭൂതങ്ങളെ പുറത്താക്കുവാൻ, ധൈര്യത്തോടെ സംസാരിക്കുവാൻ.
- സാത്താൻ യേശുവിന്റെ നാമത്തെ വെറുക്കുന്നു

### ജയാളി ആകുവാനുള്ള മാർഗം—കർത്താവായ യേശുവിന്റെ നാമത്തെ മുറുകെ പിടിക്കുക

- തന്റെ നാമം നിഷേധിക്കാത്തതിനാൽ കർത്താവായ യേശു ഫിലദെൽഫ്യയിലുള്ള ജയാളികളെ പ്രശംസിച്ചു
  - നിർമലകന്യകയായി ക്രിസ്തുവിന് വിവാഹനിശ്ചയം ചെയ്തിരിക്കുന്ന സഭയ്ക്ക്, അവളുടെ ഭർത്താവിന്റെ നാമമല്ലാതെ മറ്റൊരു നാമവും ഉണ്ടായിരിക്കരുത്

## ദൈവത്തിന്റെ സാന്നിധ്യം
## ദൈവം നമ്മോടുകൂടെ—ഇമ്മാനൂവേൽ

**II. "'ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും' (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു)"—മത്താ. 1:23**

### വ്യക്തിപരമായ ഇമ്മാനൂവേൽ—ആദ്യ ദൈവമനുഷ്യനായ യേശു

- യേശു എന്നത് ദൈവത്താൽ ലഭിച്ച രാജ-രക്ഷകന്റെ പേരാണ്, അതേസമയം ഇമ്മാനൂവേൽ എന്നത് മനുഷ്യനാൽ വിളിക്കപ്പെട്ട രാജ-രക്ഷകന്റെ പേരാണ്
- മത്തായി ഇമ്മാനൂവേലിനെ—നമ്മോടൊപ്പം ആയിരിക്കാൻ ജഡാവതാരം ചെയ്ത ദൈവത്തെ—കുറിച്ചുള്ള ഒരു പുസ്തകമാണ്

### സംഘാത ഇമ്മാനൂവേൽ—സഭ

- ഇമ്മാനൂവേൽ സർവവും ഉൾക്കൊള്ളുന്നവനാണ്
  - അവൻ ഒന്നാമതായി നമ്മുടെ രക്ഷകനാണ്, അതിനുശേഷം നമ്മുടെ വീണ്ടെടുപ്പുകാരനാണ്, തുടർന്ന് നമ്മുടെ ജീവദാതാവാണ്, എന്നിട്ട് സർവവും ഉൾക്കൊള്ളുന്ന, ഉൾവസിക്കുന്ന ആത്മാവാണ്. എല്ലാ വിശ്വാസികളും, ഈ മഹാ ഇമ്മാനുവേലിന്റെ, സംഘാത ക്രിസ്തുവിന്റെ ഭാഗമാണ്
- ഇമ്മാനൂവേലെന്ന നിലയിൽ ക്രിസ്തുവിനൊടൊപ്പം ജീവിക്കുവാൻ, ജീവൻ നൽകുന്ന ആത്മാവെന്ന അവന്റെ ദിവ്യ സാന്നിധ്യത്തിൽ നാം ആയിരിക്കണം
- നല്ല ദേശത്തിന്റെ യാഥാർഥ്യമായ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിൽ നാം പ്രവേശിക്കുകയും, കൈവശമാക്കുകയും, ആസ്വദിക്കുകയും ചെയ്യണമെങ്കിൽ, നാം അത് കർത്താവിന്റെ സാന്നിധ്യത്താൽ ചെയ്യണം; ദൈവത്തിന്റെ സാന്നിധ്യം അവന്റെ വഴിയാണ്, അത് തന്റെ ജനത്തെ അവർ എടുക്കേണ്ട വഴി കാണിക്കുന്ന "ഭൂപടം" ആണ്
  - നമുക്ക് ദൈവത്തിന്റെ സാന്നിധ്യമുണ്ടെങ്കിൽ, നമുക്ക് എല്ലാം ഉണ്ട്, എന്നാൽ നമുക്ക് ദൈവത്തിന്റെ സാന്നിധ്യം നഷ്ടപ്പെട്ടാൽ നമുക്ക് എല്ലാം നഷ്ടമാകും
  - കർത്താവിന്റെ സാന്നിധ്യം, കർത്താവിന്റെ പുഞ്ചിരി നിയന്ത്രക തത്ത്വമാണ്
  - യോസേഫ് കർത്താവിന്റെ സാന്നിധ്യവും, അതോടൊപ്പം കർത്താവിന്റെ അധികാരവും സമൃദ്ധിയും അനുഗ്രഹവും ആസ്വദിച്ചു
  - മോശെ ദൈവത്തിന്റെ ഹൃദയത്തോട് വളരെ സമീപമുള്ളവനും ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനും ആയിരുന്നു; അവന് പൂർണമായ അളവിൽ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു
  - ക്രിസ്തുവിന്റെ കണ്ണുകളിൽ പ്രകടമായ അവന്റെ മുഴുവൻ വ്യക്തിയുടെയും ഭാവാവിഷ്കാരം അനുസരിച്ച് അവന്റെ സാന്നിധ്യത്തിൽ പൗലൊസ് ജീവിച്ചു
  - കർത്താവിന്റെ സാന്നിധ്യമല്ലാതെ മറ്റൊരു വഴിയും ഫലപ്രദമല്ല. അവൻ നമ്മോടുകൂടെ ആയിരിക്കുന്നതാണ് എല്ലാം

### മഹാ ഇമ്മാനൂവേൽ—പുതിയ യെരൂശലേം

- പുതിയനിയമം മുഴുവനും ഒരു ഇമ്മാനൂവേലാണ്, പുതിയ യെരൂശലേം മഹാ ഇമ്മാനൂവേലാണ്; പുതിയനിയമം "നമ്മോടുകൂടെയുള്ള ദൈവം" ആയ ഒരു ദൈവ-മനുഷ്യനിൽനിന്ന് ആരംഭിക്കുകയും, "യഹോവ അവിടെ" എന്ന, പുതിയ യെരൂശലേമായ, മഹാ ദൈവ-മനുഷ്യനോടുകൂടെ അവസാനിക്കുന്നു